**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1** **04-10-2021 - ൽ മറുപടിയ്ക്ക്**

**മതസൗഹാർദ്ദം തകർക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നാർക്കോട്ടിക് ജിഹാദ് സംവാദം ഉയർത്തി സമുദായങ്ങൾക്കിടയിൽ സംഘർഷം ഉണ്ടാക്കി മതസൗഹാർദ്ദം തകർക്കുന്ന നിലയിൽ സമുദായ സ്പർദ്ധയും സംഘർഷവും സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | വിവിധ മതവിഭാഗങ്ങൾ തമ്മിൽ നല്ല സൗഹാർദ്ദപരമായ അന്തരീക്ഷമാണ് നമ്മുടെ സംസ്ഥാനത്ത് പൊതുവിൽ നിലനിൽക്കുന്നത്. സമുദായങ്ങൾക്കിടയിൽ സ്പർദ്ദയും സംഘർഷവും സൃഷ്ടിക്കുന്നതിനായി സംവാദം ഉയർത്തിയതായി കാണുന്നില്ല. മതസൗഹാർദ്ദം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾക്കൊപ്പം, നാടിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |
| (ബി) | ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; | (ബി) | വിവിധ മതവിഭാഗങ്ങൾ തമ്മിൽ നല്ല സൗഹാർദ്ദപരമായ അന്തരീക്ഷമാണ് നമ്മുടെ സംസ്ഥാനത്ത് പൊതുവിൽ നിലനിൽക്കുന്നത്. സമുദായങ്ങൾക്കിടയിൽ സ്പർദ്ദയും സംഘർഷവും സൃഷ്ടിക്കുന്നതിനായി സംവാദം ഉയർത്തിയതായി കാണുന്നില്ല. മതസൗഹാർദ്ദം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾക്കൊപ്പം, നാടിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |
| (സി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സമുദായ നേതാക്കൻമാരുടെ ഒരു യോഗം വിളിച്ച് പ്രശ്ന പരിഹാരത്തിന് മുൻകൈയെടുക്കാൻ സർക്കാർ തയ്യാറാകുമോ? | (സി) | നിലവിൽ അത്തരമൊരു യോഗം വിളിച്ചു ചേർക്കേണ്ട സാഹചര്യമില്ല. |

സെക്ഷൻ ഓഫീസർ